ഉത്തരം

(എ) ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുവരുന്നു.

(ബി) നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം

151 [1384] ശ്രീ. ടി. കെ. ബാലൻ:
,, ടി. കെ. ദേവകുമാർ:
,, ടി. പി. രാമകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പുനർവിന്യാസത്തിന് ഈ മാനദണ്ഡം കൃത്യമായും പാലിച്ചിട്ടുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിൽ നിന്ന് എത്ര എഞ്ചിനീയർമാരെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റി നിയമിച്ചത്;

(ഡി) ഇവരെ വകുപ്പിലേക്ക് തിരികെ കൊണ്ടുവരുന്നതിനും പുതിയ ആളുകളെ നിയമിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തദ്ദേശ ഭരണ വകുപ്പിനു കീഴിൽ പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം രൂപം കൊള്ളുമ്പോൾ അവിടെ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന പൊതുമരാമത്ത് വകുപ്പ് ജീവനക്കാരുടെ ഓപ്ഷൻ വാങ്ങിയിരുന്നോ; ഇല്ലെങ്കിൽ ഇപ്രകാരം ഓപ്ഷൻ വാങ്ങുന്നതിന് ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) തദ്ദേശ ഭരണ വകുപ്പിലേക്ക് പോകുന്നതിന് ജീവനക്കാരിൽ നിന്നും ലഭിച്ച ഓപ്ഷൻ പ്രകാരവും ലഭിച്ച ഓപ്ഷൻ മതിയാകാത്ത സാഹചര്യത്തിൽ ജൂനിയർ ആയിട്ടുള്ള ജീവനക്കാരെയുമാണ് പുനർവിന്യസിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) 443 എഞ്ചിനീയർമാരെയാണ് പൊതുമരാമത്ത് വകുപ്പിൽ നിന്ന് മാറ്റി നിയമിച്ചത്. എന്നാൽ പിന്നീട് ഒരു ചീഫ് എഞ്ചിനീയറെയും 150 അസിസ്റ്റന്റ് എഞ്ചിനീയർമാരെയും മാത്രം പൊതുമരാമത്ത് വകുപ്പിൽ നിന്നും നല്കാനും ബാക്കി ആവശ്യമുള്ള എഞ്ചിനിയർമാരെ മുഴുവൻ ജലവിഭവ വകുപ്പിൽ നിന്നും നല്കാനും തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും കൂടുതലായി അയച്ച എഞ്ചിനീയർമാരെ തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഘടനയെ സംബന്ധിച്ചുള്ള അന്തിമതീരുമാനം ആയി കഴിഞ്ഞിട്ടില്ല.

പൊതുമരാമത്ത് വകുപ്പിൽ നടത്തിയ യു. ഡി. ക്ലാർക്ക് പ്രമോഷൻ

152 [1385] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ 1986-87 കാലഘട്ടത്തിൽ നടത്തിയ യു. ഡി. ക്ലാർക്ക് പ്രമോഷനിൽ യോഗ്യത ഇല്ലാത്തവർ കടന്നുകൂടിയതും സീനിയോറിറ്റി മറികടന്നതും സംബന്ധിച്ച പരാതി ഇപ്പോഴും പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ കേസ് നിലനിന്നിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(സി) മേൽപ്പറഞ്ഞ കേസിൽ കോടതി വിധി വന്ന് മാസങ്ങൾക്കുശേഷവും പുതുക്കിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതുക്കിയ ലിസ്റ്റ് പുറത്തിറക്കാത്തതിനാൽ 1986-87 വർഷത്തിൽ പ്രമോഷൻ ലഭിച്ച അനർഹരായവർ ഉയർന്ന തസ്തികയിലേക്ക് വീണ്ടും പ്രമോഷൻ നേടിക്കൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) കോടതി വിധി പ്രകാരം പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും അതു പ്രകാരം റിവൈസ് ചെയ്ത പ്രമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly